**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4629** — **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ അണ്ടർ ഗ്രാജ്വറ്റ്, പി.ജി., പി.എച്ച് .ഡി. തലത്തിലേക്ക് എത്ര പേർ എത്തുന്നുവെന്ന് എണ്ണം തിരിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമാകുന്ന സർക്കാർ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ? | (ബി) | പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമാകുന്ന സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി**<br><br>പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു.<br><br>**2. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം**<br><br>അക്കാഡമിക് - കലാ - കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ് 2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.<br><br>**3. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള പ്രാരംഭ ചെലവിനുള്ള** |

| | | | |
|---|---|---|---|
| | | | **ധനസഹായം**<br><br>**മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/- രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000/- രൂപ ധനസഹായം നൽകി വരുന്നു.**<br><br>**4. സിവിൽ സർവ്വീസസ് പരിശീലനം**<br><br>**പട്ടികവർഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി നിർദ്ദിഷ്ട യോഗ്യതയുള്ള 30 പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും സിവിൽ സർവ്വീസ് പരീക്ഷയ്ക്കാവശ്യമായ പരിശീലനം നൽകുന്നു.**<br><br>**5. വിദേശത്ത് ഉപരിപഠനം**<br><br>**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുന്നതിന് 25 ലക്ഷം രൂപ വരെ ധനസഹായം വകുപ്പ് മുഖേന നൽകി വരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**6. NEET/JEE പ്രവേശന പരീക്ഷകൾക്ക് പരിശീലനം**<br><br>**NEET/JEE പോലുള്ള പ്രൊഫഷണൽ കോഴ്സുകളിലേക്കും പ്രവേശന പരീക്ഷകൾക്ക് ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളിൽ സൗജന്യ പരിശീലനം നൽകി വരുന്നുണ്ട്.**<br><br>**7. ലാപ്ടോപ്പ് വിതരണ പദ്ധതി**<br><br>**തെരഞ്ഞെടുത്ത 32 കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ്ടോപ്പ് വാങ്ങി നൽകുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

നിലവിൽ യു.ജി./പി.ജി./പി.എച്ച്.ഡി പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം

| ക്രമ നം. | കോഴ്സിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1. | ബി.എഡ്/എം.എഡ് | 141 |
| 2. | ബി.എ.എം.എസ് | 24 |
| 3. | ബി.ഡി.എസ് | 39 |
| 4. | ബി.എച്ച്.എം.എസ് | 6 |
| 5. | ബി.വി.എസ്.സി | 6 |
| 6. | ഡിഗ്രി | 3421 |
| 7. | പി.എച്ച്.ഡി | 10 |
| 8. | എഞ്ചിനീയറിംഗ് | 176 |
| 9. | എൽ.എൽ.ബി/എൽ.എൽ.എം | 52 |
| 10. | എം.ടെക് | 6 |
| 11. | എം.ബി.എ | 4 |
| 12. | എം.ബി.ബി.എസ് | 70 |
| 13. | എം.സി.എ | 4 |
| 14. | എം.ഡി/എം.എസ്/എം.ഡി.എസ്/എം.വി.എസ്.സി | 12 |
| 15. | എം.ഫാം/എം.എസ്.സി(നഴ്സിംഗ്)/എം.എൽ.റ്റി | 1 |
| 16. | പി.ജി. | 439 |
| 17. | പ്രൊഫഷണൽ ഡിഗ്രി | 102 |
| 18. | പി.ജി. ഡിപ്ലോമ | 29 |
| 19. | പി.ജി. ഡിപ്ലോമ (3 വർഷം) | 1 |
| 20. | പ്രൊഫഷണൽ പി.ജി. ട്രെയിനിംഗ് കോഴ്സ് | 9 |
| 21. | റ്റി.റ്റി.സി/ഡി.എൽ.എഡ് | 75 |
| **ആകെ** | | **4627** |

ഹയർ സെക്കന്ററി/ഡിപ്ലോമ കോഴ്സുകൾക്ക് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം

| | | |
|---|---|---|
| 1 | ഡിപ്ലോമ കോഴ്സുകൾ | 550 |
| 2 | ഹയർ സെക്കന്ററി | 5398 |
| 3 | വൊക്കേഷണൽ ഹയർ സെക്കന്ററി | 209 |
| **ആകെ** | | **6157** |

സെക്ഷൻ ഓഫീസർ